ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഒക്ടോബര് 18, 2017

**നവോദയ അർബൻ സഹകരണ ബാങ്കിന് (നാഗ്പുർ, മഹാരാഷ്ട്ര ) മേൽ പുറപ്പെടുവിച്ച ഡയറക്ഷന്റെ കാലാവധി ഭാരതീയ റിസർവ് ബാങ്ക് 2018 ജനുവരി 15 വരെ ദീര്ഘിപ്പിച്ചിരിക്കുന്നു**

ഭാരതീയ റിസർവ് ബാങ്ക് നവോദയ അർബൻ സഹകരണ ബാങ്കിന് (നാഗ്പുർ, മഹാരാഷ്ട്ര) മേൽ പുറപ്പെടുവിച്ച ഡയറക്ഷന്റെ കാലാവധി മൂന്നു മാസത്തേക്ക് കൂടി ദീര്ഘിപ്പിച്ചിരിക്കുന്നു. 2018 ജനുവരി 15 വരെ അവലോകനത്തിനു വിധേയമായി ഈ ഡയറക്ടീവിന് സാധുത ഉണ്ടായിരിക്കും.

1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം 35 A(1) വകുപ്പ് പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ഡയറക്ഷന്സ് ബാങ്കിന്മേൽ ചുമത്തിയിരിക്കുന്നത്. ഇതിന്റെ ഒരു പകർപ്പ് ബാങ്കിന്റെ പരിസരത്ത് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രദര്ശിപ്പിക്കേണ്ടതാണ്.

ഡയറക്ഷൻ ചുമത്തി എന്ന കാരണത്താൽ ബാങ്കിന്റെ ലൈസൻസ് റദ്ദു ചെയ്തു എന്ന് കരുതരുത്. ബാങ്കിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ നിയന്ത്രണങ്ങള്ക്കു് വിധേയമായി ബാങ്കിംഗ് ഇടപാടുകൾ നടത്തുവാൻ ബാങ്കിന് അധികാരമുണ്ട്. സാഹചര്യങ്ങള്ക്കനുസരിച്ച് ഡയറക്ഷനിൽ മാറ്റം വരുത്തുന്ന കാര്യം റിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:2017-**2018/1080**